# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1895 07.03.2017- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. പി.വി. അൻവർ | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) ഈ സർക്കാർ വന്ന ശേഷം പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആവിഷ്കരിച്ച 5 പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റം<br>2. ലോക കേരള സഭ<br>3. ഗ്ലോബൽ കേരള കൾച്ചർ ഫെസ്റ്റിവൽ<br>4.തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം<br>5.വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം.<br><br>മുകളിൽ പറഞ്ഞ 5 പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| ബി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് മറ്റൊരു തൊഴിൽ കിട്ടുന്നതുവരെ താൽക്കാലികമായി 'തൊഴിൽ നഷ്ട സുരക്ഷ' എന്ന പേരിൽ സഹായം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | ബി) ഇതു സംബന്ധിച്ച പദ്ധതികളൊന്നും നിലവിലില്ല. |

*(മറുപുറം)*

| | | | |
|---|---|---|---|
| സി) | പ്രവാസികൾക്കായി ജോബ് പോർട്ടൽ ആരംഭിക്കാൻ പദ്ധതിയുണ്ടോ ; | സി) | പ്രവാസികൾക്കായി ജോബ് പോർട്ടൽ സംവിധാനം നിലവിലുണ്ട് |
| ഡി) | റിക്രൂട്ട്മെന്റ് ഏജൻസികളെ നിരീക്ഷിച്ച് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) | റിക്രൂട്ടിംഗ് ഏജൻസികൾക്ക് അംഗീകാരം നല്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനായതിനാൽ, ഇക്കാര്യത്തിൽ കേരള സർക്കാരിന് നടപടി സ്വീകരിക്കാനാവില്ല. |
| ഇ) | പ്രവാസി ക്ഷേമത്തിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;വിശദാംശം നല്കാമോ ? | ഇ) | പുതിയ നിയമ നിർമ്മാണം സംബന്ധിച്ച നിർദ്ദേശങ്ങൾ തല്ക്കാലം നിലവിലില്ല. പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**